(സി) നിലവിലുള്ള 16 സ്കൂളുകളിൽ 6 സ്കൂളുകൾക്ക് സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാണ്. മറ്റുള്ള എല്ലാ സ്കൂളുകൾക്കും സ്വന്തമായി കെട്ടിടമില്ലെങ്കിലും വാടക കെട്ടിടങ്ങൾ എടുത്ത് മറ്റ് അനുബന്ധ സൗകര്യങ്ങൾ എല്ലാം ഏർപ്പെടുത്തിയിട്ടുണ്ട്. സ്വന്തം കെട്ടിടം നിർമ്മിക്കാൻ വേണ്ട നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ഡി) ഐ. എച്ച്. ആർ. ഡി. യുടെ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകർത്തൃ സംഘടന നിലവിലില്ല.

(ഇ) ഐ. എച്ച്. ആർ. ഡി. യുടെ സ്കൂളുകളിൽ ആവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും യഥാസമയം ഐ. എച്ച്. ആർ. ഡി. നേരിട്ട് ലഭ്യമാക്കുന്നതിനാൽ അത്തരമൊരു സംഘടന രൂപീകരിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല.

**എൻ. ഒ. സി. ലഭ്യമായ ബി.എഡ്., ടി. ടി. ഐ. സ്ഥാപനങ്ങൾ**

**118 (716)** ശ്രീ. പി. ടി. തോമസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞവർഷം എത്ര സ്വാശ്രയ ബി. എഡ്. കോളേജുകൾക്കും ടി. ടി. ഐ. കൾക്കും എൻ. ഒ. സി. നൽകി ;

(ബി) ഈ വർഷം എത്രയെണ്ണത്തിനു വീതം എൻ. ഒ. സി. നൽകാൻ ഉദ്ദേശിക്കുന്നു ;

(സി) ഇതോടെ സംസ്ഥാനത്ത് ഒട്ടാകെ എത്ര ബി. എഡ്., ടി. ടി. ഐ. സീറ്റുകളുണ്ടാകും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2001-ൽ ബി. എഡ്. കോളേജ് തുടങ്ങുന്നതിന് നൽകിയ എൻ. ഒ. സി. 10 സ്ഥാപനങ്ങൾക്ക് 2002-ൽ സ്ഥിരീകരിച്ചു നൽകിയിട്ടുണ്ട്. കൂടാതെ സെൽഫ് ഫിനാൻസിംഗ് ബി. എഡ്. കോളേജ് തുടങ്ങുന്നതിന് 291 സ്ഥാപനങ്ങൾക്ക് 2002-ൽ എൻ. ഒ. സി. നൽകിയെങ്കിലും ബഹു.ഹൈക്കോടതി സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. 220 സ്വാശ്രയ ടി. ടി. ഐ. തുടങ്ങുന്നതിനും കഴിഞ്ഞ വർഷം സർക്കാർ എൻ. ഒ. സി. നൽകിയിട്ടുണ്ട്.

(ബി) തീരുമാനമായിട്ടില്ല.

(സി) എൻ. ഒ. സി. നൽകിയ ടി. ടി. ഐ. സ്ഥാപനങ്ങൾക്ക് എൻ. സി. ടി. ഇ. യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്കു മാത്രമേ സീറ്റുകളുടെ എണ്ണം നിജപ്പെടുത്താനാവൂ. ബി. എഡ്. കോഴ്സിന് മൊത്തത്തിൽ നിലവിൽ 11060 സീറ്റുകളുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly